പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 11 — 03.02.2020 - ൽ മറുപടിക്ക്.

## ദേശീയ ഭക്ഷ്യ ഭദ്രത നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുല്ലക്കര രത്നാകരൻ<br>,, ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ഇന്ത്യയിലെ ഏറ്റവും കാര്യക്ഷമവും ഫലപ്രദവുമായ പൊതുവിതരണ സമ്പ്രദായമായി കേരളത്തിലെ ഭക്ഷ്യ പൊതുവിതരണ സംവിധാനത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) 1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി ആധാർ അധിഷ്ഠിത റേഷൻ കാർഡുകളുടെ വിതരണം സംസ്ഥാനത്ത് നടപ്പിലാക്കി കഴിഞ്ഞു.<br>2. സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻസാധനങ്ങളുടെ വിതരണം ഇ-പോസ് മുഖാന്തിരമാക്കി. കണക്ടിവിറ്റി ലഭ്യമല്ലാത്ത 11 കടകളിൽ ഓഫ്-ലൈനായി വിതരണം നടക്കുന്നു.<br>3. നേരിട്ട് റേഷൻ വാങ്ങാൻ പോകാത്ത ശയ്യാവലംബരായ കാർഡുടമകൾക്കു വേണ്ടി മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം എർപ്പെടുത്തിയിട്ടുണ്ട്.<br>4. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ച് റേഷൻ വാങ്ങാവുന്ന വിധം പൊതുവിതരണ സമ്പ്രദായത്തെ മാറ്റുന്ന സംവിധാനമായ IMPDS സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.<br>5. 45 ക്വിന്റൽ വിതരണം നടത്തുന്ന റേഷൻ വ്യാപാരികൾക്ക് പ്രതിമാസം കുറഞ്ഞത് 18000/- രൂപ കമ്മീഷൻ ലഭ്യമാക്കുന്ന കമ്മീഷൻ പാക്കേജ് നടപ്പിലാക്കി.<br>6. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.<br>7. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സ്വതന്ത്ര ചുമതല ഉള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>8. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്മാരെ ദേശീയ ഭക്ഷ്യഭദ്രത നിയമം അനുശാസിക്കുന്ന രീതിയിലുള്ള ജില്ലാ തല പരാതി പരിഹാര ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. |

9. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള പ്രവർത്തന അവലോകന നടപടിയായ സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് നടത്തുന്നതിന് Tata Institute of Social Sciences (TISS) മായി ധാരണാപത്രം ഒപ്പ് വയ്ക്കുകയും പൈലറ്റ് പ്രോജക്ട് പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഏജൻസിയായ സോഷ്യൽ ആഡിറ്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു ബ്ലോക്കിൽ നിന്നും 05 റേഷൻകട വീതം തിരഞ്ഞെടുത്ത് സംസ്ഥാനവ്യാപകമായി സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

10. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് കേന്ദ്രസർക്കാർ മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി നിയമിച്ചിട്ടുള്ള കേരള യൂണിവേഴ്സിറ്റി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ പഠനം നടത്തി കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

11. ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി തൃശ്ശൂർ, പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ആരംഭിച്ചു.

12. നിർദ്ധനരായവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതുവഴി സംസ്ഥാനത്ത് പട്ടിണി നിർമാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടു കൂടിയുള്ള 'വിശപ്പ് രഹിത കേരളം' എന്ന പദ്ധതി ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

13. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു.

14. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം ഉൾപ്പെടെ പൊതു വിതരണ രംഗത്തുണ്ടായിരിക്കുന്ന സമഗ്ര മാറ്റങ്ങളെക്കുറിച്ച് പൊതുജനബോധവല്കരണത്തിനായി "ഭദ്രത" എന്ന പേരിൽ ഒരു കൈപ്പുസ്തകവും, "സമഗ്രം ജനകീയം സുതാര്യം കേരളത്തിന്റെ ഭക്ഷ്യഭദ്രത" എന്ന പേരിൽ ബുക്ക്-ലെറ്റും പ്രസിദ്ധീകരിച്ച് വിതരണം ചെയ്തിട്ടുണ്ട്.

15. ആധാർ സീഡിംഗ്, റേഷൻ പോർട്ടബിലിറ്റി, റേഷൻ ഗിവ് അപ് തുടങ്ങിയവയെപ്പറ്റി പത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ചു. ഇതേ വിഷയം ജനങ്ങളിലെത്തിക്കാനായി എഫ്.എം റേഡിയോ വഴി പരസ്യം പ്രക്ഷേപണം ചെയ്യുകയും എല്ലാ ജില്ലകളിലും മാധ്യമശില്പശാലകളും റാലിയും സംഘടിപ്പിക്കുകയും ചെയ്തു വരുന്നു.

| | |
|---|---|
| | 16. റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കി ഒരു റേഷൻകടയ്ക്ക് 2500/- രൂപ വീതം സാമ്പത്തിക സഹായം നൽകിക്കൊണ്ട് റേഷൻകട നവീകരണം പൂർത്തിയായിട്ടുണ്ട്.<br>17. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഗോഡൗൺ മുതൽ ഉപഭോക്താവ് വരെയുള്ള വിശദാംശങ്ങൾ SCMS - ൽ ലഭ്യമാണ്. |
| (ബി) ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിന്റെ എല്ലാ ഘടകങ്ങളും കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള പ്രധാനപ്പെട്ട എല്ലാ ഘടകങ്ങളും സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. |
| (സി) ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കുന്ന വിവിധ തട്ടുകളിലുള്ള പരാതി പരിഹാരമാർഗ്ഗങ്ങൾ യാഥാർത്ഥ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ ഉള്ള സംസ്ഥാന ഭക്ഷ്യകമ്മീഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പൊതുജനങ്ങൾക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഓൺലൈൻ പരാതിപരിഹാര സംവിധാനത്തിന്റെ (Public Grievance Redressal Portal) പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**